(സി) പുതിയ കരാർ ഒപ്പ് വച്ചിട്ടില്ല. ഇതു സംബന്ധമായ ചർച്ചകൾ നടന്നുവരികയാണ്.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി 1987-ൽ പൂർത്തിയാകും.

(എഫ്) പല യന്ത്രങ്ങളും ഇപ്പോൾ ഉപയോഗിച്ചു വരുന്നു.

(ജി) വികസന പരിപാടിയിൽ വന്ന മാറ്റങ്ങൾ കാരണം ചില യന്ത്രങ്ങൾ ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(എച്ച്) വികസന പരിപാടിയിൽ വന്ന മാറ്റങ്ങൾ കാരണം ഉപയോഗിക്കാൻ പറ്റാത്ത ചില യന്ത്രങ്ങൾ ഫിറ്റ് ചെയ്തിട്ടില്ല.

ബാംബു കോർപ്പറേഷന്റെ ഡിപ്പോകളിലും ഗോഡൗണുകളിലും പണിയെടുക്കുന്ന തൊഴിലാളികൾ

1022 [1522] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാംബു കോർപ്പറേഷന്റെ ഡിപ്പോകളിലും ഗോഡൗണുകളിലും ദിവസക്കൂലി വ്യവസ്ഥയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ദിവസ കൂലി എത്ര ;

(ബി) പ്രസ്തുത കൂലി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ, ബി) 5-5-1986 മുതൽ ദിവസക്കൂലി 5 രൂപായായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട് .

(സി) ഈ തൊഴിലാളികൾ പീസ് റേറ്റ് ക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതുകൊണ്ട്, സ്ഥിരം തൊഴിലാളികളാക്കാൻ സാധിക്കുകയില്ല.

ചെറുകിട വ്യവസായങ്ങൾക്ക് അനുവദിച്ച വെള്ളമരം

1023 [1523] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1981-82 മുതൽ 1983-84 വരെയുള്ള കാലത്ത് എസ്. എസ്. ഐ. രജിസ്ട്രേഷനുള്ള സംസ്ഥാനത്തെ വ്യവസായസ്ഥാപനങ്ങൾക്ക് വനം വകുപ്പിൽ നിന്നും അനുവദിച്ചുകൊടുത്ത വെള്ള മരത്തിന്റെ കണക്ക് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly